# എക്യുമെനിസം എന്റെ നോട്ടത്തിൽ

## ഡി. ബാബു പോൾ

ശിഷ്യന്മാരുടെ ഐക്യം ആണ് ഗുരുവിന്റെ ആധികാരികത തെളിയിക്കുന്നത് എന്ന ആശയം ശ്രീയേശു തന്നെ പറഞ്ഞുതരുന്നതാണ്. യോഹന്നാൻ 17:21, 23.

നിർഭാഗ്യവശാൽ ശിഷ്യന്മാരുടെ ഇടയിൽ തുടക്കം മുതൽ തന്നെ ഭിന്നത ഉണ്ടായിരുന്നു. ഒരാൾ ഒറ്റുകാരനായി, രണ്ട് പേർ പത്ത് പേരെ അപേക്ഷിച്ച് ശ്രേഷ്ഠരാകണം എന്ന് മോഹിച്ചു. യൂദാ പോവുകയും ശേഷം പേർ ദൈവസ്നേഹത്തിന്റെ ആഴം തിരിച്ചറിഞ്ഞ് പരസ്നേഹത്തിന്റെ ആത്മാവ് സ്വാംശീകരിക്കുകയും ചെയ്തപ്പോൾ (യോഹന്നാൻ 15:12) ഐക്യം ഉണ്ടായി. ഇത്തവണ ആഢ്യത്വം അവകാശപ്പെട്ട് യഹൂദക്രൈസ്തവർ യവനവിഭാഗത്തെ അവഗണിക്കുന്നു എന്നതായിരുന്നു പരാതി. (അപ്പോസ്തോലപ്രവൃത്തി 6:1). അതിന് പരിഹാരം കണ്ട് മുന്നോട്ട് പോയപ്പോൾ ആണ് കൊർണേലിയോസ് ദർശനം ഉണ്ടായത്. അതിന്റെ തുടർച്ച ആയിരുന്നു പത്രോസിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണം. അത് മറികടന്നപ്പോൾ വന്നു അടുത്ത പ്രശ്നം. പൗലോസിന്റെ നേതൃത്വത്തിൽ സഭയിലേയ്ക്ക് ആനീതരായ പുറജാതിക്കാർ ആദ്യം യഹൂദമര്യാദ അനുസരിക്കണം എന്ന വാദം ഉയർന്നു. 'അല്പമല്ലാത്ത വാദവും തർക്കവും' ആണ് ഉണ്ടായത് ഇക്കാര്യത്തിൽ. തങ്ങളുടെ തലത്തിൽ പ്രശ്നം തീരുകയില്ല എന്ന ബോധ്യമായപ്പോൾ പൗലോസും ബർനബാസും സാർവ്വത്രികസഭയുടെ നേതൃത്വത്തിൽ ശ്രദ്ധയിൽ പ്രശ്നം കൊണ്ടുവരാൻ നിശ്ചയിച്ചു. യാക്കോബ് തീരുമാനം പ്രഖ്യാപിച്ചതോടെ ആ പ്രതിസന്ധിയും മാറി.

അപ്പോസ്തോലന്മാർ ഓരോരുത്തരായി ഈ ലോകം വിട്ടു. പ്രശ്നങ്ങൾ ലോകത്തിൽ തുടർന്നു. ഇന്നത്തെ വാർത്താവിനിമയ സൗകര്യങ്ങൾ അക്കാലത്ത് ഉണ്ടായിരുന്നില്ല. ക്രിസ്തീയ വിശ്വാസം പീഡനവിധേയം ആയിരുന്നു താനും. അതുകൊണ്ട് വഴക്കുകൾ കുറയുകയും ഉള്ള വഴക്കുകൾ പ്രാദേശികമായി ഒതുങ്ങുകയും ചെയ്തു. പാക്കിസ്ഥാനിലെയോ ചൈനയിലെയോ ക്രിസ്ത്യാനികൾ തമ്മിൽ വഴക്കില്ലല്ലോ. ഇനി ഉണ്ടായാൽ തന്നെ പടരുകയും ഇല്ല.

നാലാം നൂറ്റാണ്ടിൽ മട്ട് മാറി. റോമാ സാമ്രാജ്യം ക്രിസ്തുമതത്തെ ഔദ്യോഗികമതം ആയി പ്രഖ്യാപിച്ചു. അപ്പനും മകനും ഒരു പ്രായം ആവുക വയ്യ എന്ന് ഒരു പണ്ഡിതൻ പറഞ്ഞു. യേശുക്രിസ്തു ദൈവമാണോ ദൈവപുത്രനാണോ എന്ന് ഒരു ചോദ്യം മറ്റൊരാൾ അവതരിപ്പിച്ചു. സ്വന്തം പിതാവിന്റെ കാര്യം ഉറപ്പില്ലാത്തവരായിരുന്നു റോമാ ചക്രവർത്തിമാർ. അതുകൊണ്ട് പിതാവും പുത്രനും തമ്മിലുള്ള മൂപ്പിളമത്തർക്കം ഒന്നും ആദ്യം അവർക്ക് അത്ര വലിയ കാര്യമായി തോന്നിയില്ല. എന്നാൽ ക്രിസ്തുമതത്തിന്റെ നിരോധനം നീക്കിയിരുന്നതിനാൽ അവരവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ഓരോ നേതാവും ശ്രമിക്കാൻ തുടങ്ങി. അത് തലവേദന ആയി. അപ്പോഴാണ് സാർവ്വത്രികസുന്നഹദോസ് വിളിക്കാൻ ചക്രവർത്തി നിശ്ചയിച്ചത്.

അങ്ങനെ വിശ്വാസം ക്രോഡീകരിക്കപ്പെട്ടു. തർക്കങ്ങളൊക്കെ പരിഹരിക്കാൻ സാമ്രാജ്യത്തിലെ മൂന്ന് പ്രധാനനഗരങ്ങൾ- റോം, അലക്സന്ത്രിയ, അന്ത്യോഖ്യ-കേന്ദ്രമാക്കി സംവിധാനം ഉണ്ടാക്കി. കുറച്ചുകാലം അങ്ങനെ പോയി. അഞ്ചാം നൂറ്റാണ്ടിൽ ആദ്യത്തെ പിളർപ്പ്. പതിനൊന്നാം നൂറ്റാണ്ടിൽ 'വലിയ പിളർപ്പ്' എന്നറിയപ്പെടുന്നത്. പിന്നെ മാർട്ടിൻ ലൂഥർ, ഹെന്റി VIII. ഇരുപതാം നൂറ്റാണ്ടിൽ ബ്രദറൺ-പെന്തക്കോസ്ത് പരിപാടികൾ. അങ്ങനെ കത്തോലിക്കാ-ഓറിയന്റൽ ഓർത്തഡോക്സ്-ഈസ്റ്റേൺ ഓർത്തഡോക്സ്-പ്രോട്ടസ്റ്റന്റ്-പെന്തക്കോസ്തൽ (കരിസ്മാറ്റിക്) തുടങ്ങി കാക്കത്തൊള്ളായിരം ഉപവിഭാഗങ്ങളായി ക്രിസ്തുമതം പിരിഞ്ഞു. ഓരോരുത്തരും അവ

രവർ പിടിച്ച മുയലുകൾക്ക് കൊമ്പുകൾ ഉണ്ട് എന്ന് അവകാശപ്പെട്ടു. കാസയിൽ ഈച്ച വീണാൽ കാസ അശുദ്ധമാവുമോ, ഈച്ച വിശുദ്ധമാവുമോ എന്ന മട്ടിലുള്ള വേദശാസ്ത്രവിവാദങ്ങൾ അരങ്ങ് കൊഴുപ്പിച്ചു. സഭയ്ക്ക് പുറത്ത് ഇസ്ലാമും കമ്യൂണിസവും ഉപഭോഗസംസ്ക്കാരവും വളർന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം, കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കം ആയപ്പോൾ ചിലർക്ക് ക്രിസ്തുവിലെ ഐക്യം ഓർമ്മ വന്നു. അങ്ങനെ പ്രോട്ടസ്റ്റന്റ് വിഭാഗങ്ങൾ സഭകളുടെ ലോകകൗൺസിൽ രൂപപ്പെടുത്തി. ആദ്യം ഓർത്തഡോക്സുകാർ അത്ര ഉത്സാഹം കാണിച്ചില്ലെങ്കിലും ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാംപാതിയിൽ അവരും കത്തോലിക്കരും എക്യുമെനിസം ഒരു ലക്ഷ്യമായി അംഗീകരിച്ച് ആകാവുന്നത്ര സഹകരിക്കുന്ന സമ്പ്രദായത്തിലേക്ക് വന്നു. പെന്തക്കോസ്തൽ വിഭാഗങ്ങൾക്ക് അപ്പോഴും സാമാന്യമാന്യത എപ്പിസ്കോപ്പൽ സഭകൾ കല്പിച്ചില്ല. ഫ്രാൻസിസ് മാർപാപ്പ സിംഹാസനാരൂഢനായതോടെ അവരുടെ അസ്പൃശ്യതയും മാറി.

യേശുക്രിസ്തുവിനെ ദൈവവും ദൈവപുത്രനും ആയി അംഗീകരിക്കുന്നവർക്ക് എക്യൂമെനിസം ഒരു ആദർശവും ഒരു ലക്ഷ്യവും ആയി ഇന്ന് മാറിയിട്ടുണ്ട്. എന്നുവച്ച് സഭകൾ ദൃശ്യമായ ഐക്യത്തിലേക്ക് നാളെയോ മറ്റന്നാളോ വരും എന്ന് ധരിച്ചുകളയരുത്, കത്തോലിക്കക്കാർക്കും ഓറിയന്റൽ ഓർത്തഡോക്സുകാർക്കും വിശുദ്ധകുർബ്ബാന നിഷേധിക്കുന്നവരാണ് ഈസ്റ്റേൺ ഓർത്തഡോക്സുകാർ. ഇപ്പറഞ്ഞ മൂന്ന് കൂട്ടരും പ്രോട്ടസ്റ്റന്റുകാരെ അകറ്റിനിർത്തും, അവരുൾപ്പെടെ നാല് വിഭാഗങ്ങളും, പെന്തക്കോസ്താദികളോടൊപ്പം കർതൃമേശ പങ്കിടുകയില്ല. എങ്കിലും യോജിക്കാവുന്ന മേഖലകളിൽ യോജിച്ചു പ്രവർത്തിക്കുക എന്ന സമീപനം പൊതുവെ എല്ലാവരും സ്വീകരിച്ചുകാണുന്നുണ്ട്. അത്രയും നല്ല കാര്യം.

റോമൻ കത്തോലിക്കാസഭ മുൻകൈ എടുത്ത് ക്രിസ്തീയവിശ്വാസത്തിന് പുറത്തുള്ളവരുമായി ബന്ധം മെച്ചപ്പെടുത്താനുള്ള യത്നങ്ങൾ തുടങ്ങിയത് ജോൺ XXIII എന്ന പരിശുദ്ധപിതാവിന്റെ കാലം മുതൽക്ക് ആണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യാഹ്നത്തിൽ ലോകത്തിന്റെ പകുതിയോളം തങ്ങളുടെ ആശയസാമ്രാജ്യത്തിൽ ഒരുക്കിയ കമ്മ്യൂണിസവുമായി സംവദിക്കാൻ ആ മഹാത്മാവിന് കഴിഞ്ഞതുകൊണ്ടാണ് ക്യൂബയിലെ മിസൈൽ പ്രതിസന്ധി ഒരു ലോകമഹായുദ്ധത്തിലേക്ക് വഴി തുറക്കാതിരുന്നത് എന്നത് ചരിത്രമാണ്. ഇസ്ലാം, യഹൂദമതം തുടങ്ങിയവയുമായും സംസാരിക്കാം എന്ന അവസ്ഥ വന്നതോടെ എക്യൂമെനിസത്തിന്റെ രണ്ടാംഘട്ടം ആയി.

അതായത് എക്യൂമെനിസം എന്ന ശബ്ദം ഇന്ന് മതാതീതമായി മാനവൈക്യത്തെയാണ് വിഭാനം ചെയ്യുന്നത്; ഓക്സ്ഫഡ് നിഘണ്ടുവിൽ 'വേദശാസ്ത്ര വീക്ഷണഭേദങ്ങൾക്കതീതമായി ആഗോള ക്രൈസ്തവ ഐക്യം ലക്ഷ്യമിട്ട് പ്രവർത്തിക്കുക' എന്നാണ് ഇപ്പോഴും കാണുന്നതെങ്കിലും, സത്യത്തിൽ പദനിഷ്പത്തി അന്വേഷിച്ചാൽ വീട്, ആവാസകേന്ദ്രം എന്നൊക്കെ അർത്ഥം പറയാവുന്ന Oikos എന്ന ഗ്രീക്കു ശബ്ദത്തിലാണ് എത്തുക. (എ) ഒയ്ക്കീൻ– Oikein – സമം അധിവസിക്കുക. എക്യൂമിനെ ഗേ, oikoumene ge, എന്ന ഗ്രീക്കുപദത്തിന് മനുഷ്യവാസം ഉള്ള ഭൂരിഭാഗം എന്നാണർത്ഥം. അത് പരിണമിച്ച് എക്യൂമെനിക്കോസ് ഉണ്ടായി. ലത്തീനിലെ എക്യൂമെനിക്കൂസ് പൊതു സാർവ്വത്രികം എന്നിങ്ങനെയാണ് അർത്ഥം ദ്യോതിപ്പിക്കുക. അതായത് പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലീഷിൽ ഈ പദം രൂപപ്പെടുത്തുന്നതുവരെ എക്യൂമെനിസം എന്ന ആശയം മതനിരപേക്ഷമായിരുന്നു. അതുകൊണ്ട് സർവ്വമതസൗഭ്രാത്രം ലക്ഷ്യമിടുന്ന മതാന്തരസംവാദവും മതാതീതമാനസികാവസ്ഥയും സൂചിപ്പിക്കാൻ ഉപയോഗിക്കാവുന്ന പദം തന്നെ ആണ് എക്യൂമെനിസം.

അവിടെയും തീരുന്നില്ല എക്യൂമെനിസത്തിന്റെ വ്യാപിതി എന്റെ മനസ്സിൽ. അത് പ്രകൃതിയെയും ഉൾക്കൊള്ളുന്നതാണ്. 'നമ്മുടെ പൊതുഭവനം' എന്നാണല്ലോ ഫ്രാൻസിസ് മാർപാപ്പ

ഭൂമിയെ വിവരിക്കുന്നത്. ഈ പൊതുഭവനത്തിലെ അന്തേവാസികളാണ് പക്ഷിമൃഗാദികളും തരുലതാദികളും. അവയുമായുള്ള സജീവവും സക്രിയവും ആയ ബന്ധവും എക്യൂമെനിസത്തിന്റെ നിർവ്വചനത്തിൽ വരേണ്ടതുണ്ട്. ഈ ആശയം ഈ രൂപത്തിൽ മറ്റാരും പറഞ്ഞതായി എനിക്കറിയില്ലെങ്കിലും ഈ മനസ്സുമായി ജീവിച്ച വ്യക്തിയാണ് അസീസിയിലെ പ്രേമകോകിലം എന്നറിയപ്പെടുന്ന ഫ്രാൻസിസ് അസീസി. നദിയെ സഹോദരി ആയും ഗിരിയെ സഹോദരൻ ആയും കാണുന്നത് ദൈവത്തെ പിതാവായി കാണുന്നതിന്റെ തുടർച്ചയാണ്. കാക്കയെ പെങ്ങളായും മാൻപേടയെ മകളായും ചെന്നായയെ സഹോദരനായും കാണുന്ന മനസ്സും ദൈവം സകലസൃഷ്ടിയുടെയും പിതാവാണ് എന്ന ബോധ്യത്തിൽ നിന്ന് ഉണ്ടാകുന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ എക്യൂമെനിസം അക്ഷരാർത്ഥത്തിൽ തന്നെ സാർവ്വത്രികസാഹോദര്യത്തെയാണ് സൂചിപ്പിക്കേണ്ടത്. ഞാനും എന്റെ അയൽക്കാരനും. ആ അയൽക്കാരനെ റീത്തിന്റെ അടിസ്ഥാനത്തിലോ സഭയുടെ അടിസ്ഥാനത്തിലോ മതത്തിന്റെ അടിസ്ഥാനത്തിലോ ജൈവശ്രേണിയിലെ സ്ഥാനത്തിന്റെ അടിസ്ഥാനത്തിലോ ചരം-അചരം എന്ന ദ്വന്ദ്വത്തിന്റെ അടിസ്ഥാനത്തിലോ ചേതനം-അചേതനം എന്ന വർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിലോ പരിമിതപ്പെടുത്തരുത്. ഇരുപത്തിമൂന്നാമത്തെ യോഹന്നാനും ഒന്നാമത്തെ ഫ്രാൻസിസും ലോകത്തെ പഠിപ്പിക്കുന്ന എക്യൂമെനിസത്തിന്റെ സാരാംശം ഈ സാർവ്വത്രികതയാണ്. സൃഷ്ടിയുടെ സമഗ്രത-ഇന്റഗ്രിറ്റി ഓഫ് ക്രിയേഷൻ-എന്ന ആശയം അംഗീകരിക്കുമ്പോഴാണ് സ്രഷ്ടാവിന്റെ സമഗ്രാധിപത്യം വ്യക്തമാക്കുന്നത്. സർവ്വശക്തന്റെ സമഗ്രാധിപത്യത്തെക്കുറിച്ചുള്ള ബോധമാണ് വ്യക്തികളായും സമൂഹങ്ങളായും സമ്പൂർണ്ണ സമർപ്പണത്തിലേക്ക് നമ്മെ നയിക്കുക. ആ സൂര്യോദയത്തിലാണ് എക്യൂമെനിസം സാക്ഷാത്ക്കരിക്കപ്പെടുന്നത് എന്ന് നിസ്സംശയം പറയാം.

***********